# മറ്റെന്തിനെക്കാളുമേറെ ജീവനെയും കൂട്ടായ്മയെയും വിലമതിക്കുക

സാക് പുന്നൻ

WFTW 12 ഏപ്രിൽ 2015

യോഹന്നാൻ തന്റെ സുവിശേഷവും ഒന്നാം ലേഖനവും ആരംഭിക്കുന്നത് ആദിയിൽ ഉണ്ടായിരുന്ന കാര്യങ്ങളെ എടുത്തു പറഞ്ഞുകൊണ്ടാണ്. ആദിയിൽ, ഇന്ന് ക്രിസ്ത്യാനികൾക്കു തർക്ക വിഷയങ്ങളായ ഉപദേശങ്ങൾ, സഭാ മാതൃകകൾ, സ്നാനം മുതലായവ ഒന്നും ഇല്ലാതിരുന്നപ്പോൾ, അവിടെ പിതാവാം ദൈവവും, പുത്രനും, പരിശുദ്ധാത്മാവും മാത്രമേ ഉണ്ടായിരുന്നുള്ളു. കൂടാതെ അവർക്കു ജീവനുണ്ടായിരുന്നു. അവർ തമ്മിൽ കൂട്ടായ്മയും ഉണ്ടായിരുന്നു (1 യോഹ.1:1-3). മറ്റെന്തിനെക്കാളുമേറെ നാം വിലമിതിക്കേണ്ടത് ജീവനെയും കൂട്ടായ്മയെയുമാണ്. 1 യോഹന്നാൻ രണ്ടാം അദ്ധ്യായത്തിൽ, യോഹന്നാൻ മൂന്നു തലത്തിലുള്ള ആത്മീയ ജീവിതത്തെക്കുറിച്ച് എഴുതിയിരിക്കുന്നു.

കുഞ്ഞുങ്ങൾ (1 യോഹ. 2:12): കുഞ്ഞുങ്ങളെ സംബന്ധിക്കുന്ന മുഖ്യസ്വഭാവ വിശേഷം, അവർ അവരുടെ പാപക്ഷമയിൽ സന്തോഷിക്കുന്നു. അവർക്ക് അവരെ സ്നേഹിക്കുന്ന ഒരു പിതാവുണ്ടെന്നും അവിടുന്ന് അവരെ സംരക്ഷിക്കും എന്നും അവർ അറിയുന്നു. നാം പാപക്ഷമയിലും പിതാവിന്റെ അനുഗ്രഹങ്ങളിലും മാത്രം വ്യാപൃതരാണെങ്കിൽ, അതു കാണിക്കുന്നത് നാം ആത്മീയമായി കുഞ്ഞുങ്ങൾ മാത്രമാണെന്നാണ്.

യുവാക്കൾ (1 യോഹ. 2:13): യുവാക്കൾ ശക്തന്മാരും ദൈവവചനം തങ്ങളിൽ വസിക്കുന്നവരും സാത്താനെ ജയിച്ചിരിക്കുന്നവരും ആകുന്നു. നാം പാപത്തിന്മേൽ ജയം നേടുകയും, ദൈവത്തെ സേവിക്കുന്നതിൽ വ്യാപൃതരാകുകയും, പിശാചിനെ ജയിക്കാൻ കഴിവുള്ളവരാകുകയും ചെയ്താലും അപ്പോഴും നാം ആത്മീയമായി യുവാക്കളാണ്.

പിതാക്കന്മാർ (1 യോഹ. 2:14): അവിടെ ആത്മീയ പിതാക്കന്മാരാകുവാൻ തക്കവണ്ണം വളർന്നവരുണ്ട്, അവരെ സംബന്ധിക്കുന്ന ഒരേ ഒരു കാര്യം അവർ ജീവനും കൂട്ടായ്മയ്ക്കും പ്രാധാന്യം കൊടുത്ത്, ദൈവത്തെ ആദിമുതലുള്ളവനായി അറിഞ്ഞിരിക്കുന്നു എന്നുള്ളതാണ്. നമുക്കുള്ള ഏറ്റവും വലിയ വിളി ദൈവത്തിന്റെ ജീവനും സ്വഭാവവും വെളിപ്പെടുത്തുന്നതിനു വേണ്ടിയാണ്. ആദിയിൽ ദൈവം എന്തെങ്കിലും അത്ഭുതങ്ങൾ പ്രവർത്തിക്കുകയോ ഭൂതങ്ങളെ പുറത്താക്കുകയോ ആയിരുന്നില്ല. എന്നാൽ ദിവ്യജീവൻ ഉണ്ടായിരിക്കുകയും കൂട്ടായ്മ ആസ്വദിക്കുകയുമായിരുന്നു. നമുക്കും ദൈവത്തിന്റെ ജീവൻ അനുഭവമാക്കുവാനും അതേ ജീവനുള്ള മറ്റുള്ളവരുമായി കൂട്ടായ്മയിലാകുവാനും കഴിയും.

അനേകർ സഭയിൽ പോകുന്നത് വരപ്രാപ്തരായ പ്രാസംഗകരെ കേൾക്കുക, നല്ല സംഗീതം ശ്രദ്ധിക്കുക, രോഗശാന്തിയും അത്ഭുതങ്ങളും കാണുക, ഭൌതികമായ ആവശ്യങ്ങൾക്കുള്ള സഹായം നേടുക തുടങ്ങിയ കാര്യങ്ങൾക്കു വേണ്ടിയാണ്. മർക്കൊസ് 6:20ൽ നാം വായിക്കുന്നത് ഹെരോദാ രാജാവ് സ്നാപക യോഹന്നാന്റെ ഉജ്ജ്വല പ്രസംഗം കേൾക്കുന്നതിന് ഇഷ്ടപ്പെട്ടിരുന്നു. എന്നാൽ അത് അയാളെ ആത്മീയനാക്കിയില്ല എന്നാണ്. ദൈവം സ്വീകരിക്കുന്നത് തങ്ങളുടെ ഹൃദയത്തിന്റെ ആഴത്തിൽ നിന്ന് അവിടുത്തെ ജീവനുവേണ്ടി അന്വേഷിക്കുന്നവരെയാണ്, അങ്ങനെയുള്ളവർക്ക് അതേ ജീവനുള്ള മറ്റാളുകളുമായി, അവർക്ക് ശ്രദ്ധേയമായ വരങ്ങൾ ഒന്നുമില്ലെങ്കിൽ പോലും, കൂട്ടായ്മ ഉണ്ടായിരിക്കും. വരപ്രാപ് തരായ ആളുകളുടെ അടുത്തേക്കു മാത്രം നാം ആകർഷിക്കപ്പെടുകയാണെങ്കിൽ, അതു കാണിക്കുന്നത് നമുക്ക് ഹെരോദാവിനെപ്പോലെ മാത്രമെ ആകാൻ കഴിയൂ എന്നാണ്. ദിവ്യ ജീവനിലേക്കും താഴ്മയുള്ളവരും ദൈവഭക്തന്മാരുമായവരുടെ കൂടെയുള്ള കൂട്ടായ്മയിലേക്കും ആകർഷിക്കപ്പെടാതെ വരങ്ങളിലേക്കു മാത്രം ആകർഷിക്കപ്പെടുന്നവർ വേഗത്തിൽ മാറിപ്പോകും. എന്നാൽ ജീവനിലേക്ക് ആകർഷിക്കപ്പെടുന്നവർ മാറിപ്പോകയില്ല.

വളരെ വർഷങ്ങളെടുത്താണ് നാം ദിവ്യസ്വഭാവത്തിന്റെ പങ്കാളികളാകുന്നത്. എന്നാൽ വളരെ പെട്ടെന്ന് ആത്മീയ വരങ്ങൾ സ്വീകരിക്കാൻ കഴിയും. ഒരു വ്യക്തിയുടെ ഉള്ളിൽ ഒരു മാറ്റവും വരുത്താതെ ധരിക്കുവാൻ

കഴിയുന്ന വസ്ത്രം പോലെയാണ് വരങ്ങൾ. ബിലെയാമിന്റെ കഴുതയ്ക്ക് അറിയപ്പെടാത്ത ഒരു ഭാഷയിൽ സംസാരിക്കാൻ കഴിഞ്ഞു. എന്നാൽ അത് അപ്പോഴും ഒരു 'കഴുത' മാത്രമായിരുന്നു. ബിലെയാം തന്നെ മശിഹായെ കുറിച്ചു പ്രവചിക്കാൻ കഴിഞ്ഞവനാണ്. എന്നാൽ ഇസ്രയേലിനെ പാപത്തിലേക്ക് നയിച്ച ഒരുവനും അയാളാണ്.

ജീവനുവേണ്ടി അന്വേഷിക്കുന്നവരെയും വരങ്ങൾക്കായി അന്വേഷിക്കുന്ന മറ്റുള്ളവരെയും തമ്മിൽ വേർതിരിക്കാനായി, ദൈവം വരപ്രാപ്തരായ അനേക സഹോദരന്മാരെ സഭയിൽ വച്ചിട്ടില്ല. വളരെ വരപ്രാപ് തരല്ലാത്ത ദൈവഭക്തന്മാരായ സഹോദരന്മാരോടു കൂട്ടായ്മ ആചരിക്കാൻ കഴിയാത്ത ഒരു വ്യക്തി വെളിവാക്കുന്നത് അയാൾ ജീവനെയല്ല അന്വേഷിക്കുന്നത് എന്നാണ്.

യേശു പറഞ്ഞത് കള്ളപ്രവാചകന്മാർ പ്രവചിക്കുകയും വീര്യപ്രവൃത്തികൾ ചെയ്യുകയും, അവിടുത്തെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും ചെയ്യും എന്നാണ് (മത്താ. 7:22). എന്നാൽ അവർ ഒരിക്കലും അവിടുത്തേക്കുള്ളവർ ആയിരുന്നില്ല എന്ന് അവിടുത്തേക്ക് പറയേണ്ടി വരും (മത്താ. 7:23, ലിവിംഗ് ബൈബിൾ). അങ്ങനെയുള്ള വരങ്ങൾ ഉള്ളവർ വീണ്ടും ജനിച്ചിട്ടുപോലും ഇല്ലാതിരിക്കാനുള്ള സാധ്യത ഉണ്ടെന്ന് അധികം ആളുകളും മനസ്സിലാക്കിയിട്ടില്ല. യേശു നമ്മോടു പറയുന്നത് വരങ്ങൾക്കായിട്ട് അന്വേഷിക്കരുത്, എന്നാൽ ദീർഘക്ഷമ, നന്മ, കരുണ, ദയ മുതലായവ പോലെയുള്ള ഫലങ്ങൾ അന്വേഷിപ്പിൻ എന്നാണ്. നിങ്ങൾ ഒരു വലിയ പ്രസംഗകനെ കേൾക്കുമ്പോൾ, എപ്പോഴെങ്കിലും നിങ്ങൾ അയാളുടെ കുടുംബജീവിതം, സഹപ്രവർത്തകരോടുള്ള അയാളുടെ ബന്ധം, ധനത്തോടും മാനത്തോടും ഉള്ള അയാളുടെ മനോഭാവം തുടങ്ങിയവ മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ? അങ്ങനെയാണ് നാം യഥാർത്ഥ പ്രവാചകന്മാരെയും കള്ളപ്രവാചകന്മാരെയും തമ്മിൽ തിരിച്ചറിയുന്നത്.

വളരെയധികം പ്രശംസിക്കപ്പെടുകയും വിലമതിക്കപ്പെടുകയും ചെയ്യുന്ന വരങ്ങളുടെ അടിസ്ഥാനത്തിന്മേലാണ് ബാബിലോൺ പണിയപ്പെടുന്നത്. എന്നാൽ യഥാർത്ഥ സഭയായ യെരുശലേം പണിയപ്പെടുന്നത് ജീവനാലും കൂട്ടായ്മയാലുമാണ്.